ജനയുഗം
JANAYUGOM

14 January 2026

# ലക്ഷദ്വീപിൽ ഫിഷറീസ് ഹബ്ബ് വേണമെന്ന് നിർദ്ദേശം

കൊച്ചി: ലക്ഷദ്വീപ് മത്സ്യമേഖലയുടെ വികസനത്തിന് എല്ലാ ദ്വീപുകളെയും ബന്ധിപ്പിക്കുന്ന വിധത്തിൽ സംയോജിത ഫിഷറീസ് ഹബ്ബ് സ്ഥാപിക്കണമെന്ന് നിർദ്ദേശം.

മത്സ്യവിപണനം സുഗമമാക്കുന്നതിനും മൂല്യവർധിത ഉല്പന്നങ്ങളുടെ വിപണി വിപുലീകരിക്കുന്നതിനുമുള്ള ഏകജാലക സംവിധാനം യാഥാർത്ഥ്യമാക്കാൻ ഈ നീക്കം അനിവാര്യമാണെന്ന് കവരത്തിയിൽ നടന്ന മത്സ്യമേളയുടെ സമാപന സംഗമം അഭിപ്രായപ്പെട്ടു.



ലക്ഷദ്വീപിലെ കവരത്തിയിൽ നടന്ന മത്സ്യമേളയുടെ സമാപന സംഗമത്തിൽ സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് സംസാരിക്കുന്നു

സിഎംഎഫ്ആർഐക്ക് കീഴിലുള്ള ലക്ഷദ്വീപ് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ദ്വീപ് ഫിഷറീസ് വകുപ്പുമായി ചേർന്നാണ് മത്സ്യമേള സംഘടിപ്പിച്ചത്. ശാസ്ത്രീയമായ വിപണനം, കോൾഡ് സ്റ്റോറേജ് സംവിധാനങ്ങൾ, മൂല്യവർധിത യൂണിറ്റുകൾ, കയറ്റുമതി സൗകര്യങ്ങൾ എന്നിവ ഒരേ കുടക്കീഴിൽ കൊണ്ട് വരാൻ ഫിഷറീസ് ഹബ്ബ് വഴി സാധിക്കും.

ഇത് ലക്ഷദ്വീപിലെ ട്യൂണ (ചൂര) മത്സ്യബന്ധന മേഖലയ്ക്ക് കരുത്താകുമെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടി. സമാപന ചടങ്ങിൽ ലക്ഷദ്വീപ് ഫിഷറീസ് ഡയറക്ടർ കെ ബുസർ ജംഹർ, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ്, ലക്ഷദ്വീപ് കെവികെ മേധാവി ഡോ.പി എൻ ആനന്ദ് എന്നിവർ സംസാരിച്ചു.